STATE POVERTY ERADICATION MISSION
17 MAR 2016
Govt. of Kerala
Thiruvananthapuram

2978

കേരള സർക്കാർ.

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വഴിയോര കച്ചവടക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ജീവനോപാധി സംരക്ഷിക്കുന്നതിനുമായി , ദേശീയ നയം രൂപീകരിച്ചതിനെതുടർന്ന് , സംസ്ഥാന തലത്തിൽ ആയതിന്റെ നടത്തിപ്പിലേയ്ക്കായി സംസ്ഥാനതല ഉപദേശ സമിതിയിൽ വഴിയോരക്കച്ചവട യൂണിയൻ/സംഘടനകളുടെ രണ്ട് പ്രതിനിധികളെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.1056/16/തസ്വഭവ

തിരുവനന്തപുരം തീയതി 02 .03.2016

പരാമർശം - (1) സ.ഉ.(സാധാ) നം.2818/2015/തസ്വഭവ തീയതി 15.09.2015

(2) 9/11/2015- -ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5486/എഫ് /2015 നമ്പർ കത്ത്.

## ഉത്തരവ്

വഴിയോര കച്ചവടക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ജീവനോപാധി സംരക്ഷിക്കുന്നതിനുമായി ദേശീയ നയം രൂപീകരിച്ചതിനെതുടർന്ന് സംസ്ഥാന തലത്തിൽ ആയതിന്റെ നടത്തിപ്പിലേയ്ക്കായി വിവിധ സമിതികൾ രൂപീകരിച്ചും, അവയ്ക്ക് ചുമതലകൾ നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇപ്രകാരം രൂപീകൃതമായ സംസ്ഥാനതല ഉപദേശ സമിതിയിൽ വഴിയോരക്കച്ചവട യൂണിയൻ/സംഘടനകളുടെ രണ്ട് പ്രതിനിധികളെ അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഉപദേശ വിലയിരുത്തൽ സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള വഴിയോരക്കച്ചവട യൂണിയൻ/സംഘടനകളുടെ രണ്ട് പ്രതിനിധികളുടെ പേര് വിവരങ്ങൾ നിർദ്ദേശിക്കണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം വഴിയോരക്കച്ചവട യൂണിയൻ സംഘടനകളുടെ താഴെപ്പറയുന്ന രണ്ട് പ്രതിനിധികളെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ശ്രീ. യു. പോക്കർ, ജാസ്മിൻവില്ല, നല്ലളം പി.ഒ., കോഴിക്കോട്-27.

(2) ശ്രീ. ആർ.വി. ഇഖ്ബാൽ, റായം മരയ്ക്കാർ ഹൗസ്, പുത്തൻപള്ളി പി.ഒ., ഗുരുവായൂർ 680 103,

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റ്റി.ജെ. ഉണ്ണികൃഷ്ണൻ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം/ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും/ എല്ലാ നഗരസഭാ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ടൗൺപ്ലാനർമാർക്കും
പി.ഡബ്ല്യു.ഡി-യിലെ എല്ലാ (റോഡ് വിഭാഗം) ഡിവിഷനിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
കെ.എസ്.ഇ.ബി./കെ.ഡബ്ല്യു-എ എന്നിവയിലെ ഡിവിഷൻതല ഉദ്യോഗസ്ഥൻമാർക്ക്
ശ്രീ. യു. പോക്കർ, ജാസ്മിൻവില്ല, നല്ലളം പി.ഒ., കോഴിക്കോട്-27.
ശ്രീ. ആർ.വി. ഇഖ്ബാൽ, റായം മരയ്ക്കാർ ഹൗസ്, പുത്തൻപള്ളി പി.ഒ., ഗുരുവായൂർ 680 103,
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ / കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ